ലക്കം–3/മാർച്ച്, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



## മഹാശിവരാത്രി ആശംസകൾ

## നിമിഷങ്ങളുടെ ആയുസ്സ്...

ഹവിസ്സ് മൂന്നാം ലക്കത്തിലേയ്ക്ക് കടക്കുകയാണ്. ഞങ്ങളുടെ പ്രതീക്ഷകൾക്ക് ഇപ്പോൾ കൂടുതൽ തെളിമ വന്നിരിക്കുന്നു. ഹവിസ്സിനെ സ്നേഹിക്കുന്ന, അതിലുമുപരി ഈ കലിയുഗ കുരുക്ഷേത്രത്തിൽ നന്മയുടെ പക്ഷത്ത്, പാണ്ഡവ പക്ഷത്തു നിൽക്കുവാൻ തല്പരരായ ഹവിസ്സിന്റെ നല്ലവരായ വായനക്കാർക്ക്, ഞങ്ങളുടെ സുഹൃത്തുക്കൾക്ക് നന്ദി, ഒരായിരം നന്ദി. മാന്യ വായനക്കാരിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും വളരെയധികം അഭിപ്രായങ്ങളും പിന്തുണയും ഇക്കാലയളവിൽ ഞങ്ങൾക്ക് ലഭിച്ചു. അവയെല്ലാം അർത്ഥവത്താക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബന്ധരാണ്.

ഇത് എഴുതുവാനിരിക്കുമ്പോൾ, കടന്നു പോയ നിമിഷങ്ങൾ ഒരു ഫ്ളാഷ് ബാക്ക് പോലെ മുന്നിലൂടെ കടന്നു പോയി. കമലഹാസന്റെ പുതിയ ചിത്രത്തെച്ചൊല്ലിയുള്ള വിവാദങ്ങൾ, അഫ്സൽ ഗുരുവിന്റെ വധശിക്ഷ, അതിന്റെ പ്രതിഷേധ പ്രകടനങ്ങൾ, ബംഗ്ലാദേശ് അതിർത്തിയിലെയും ചൈനയിലെയും ഭൂചലനങ്ങൾ, കൽക്കത്തയിൽ പാലത്തിന്റെ തകർച്ച, ഡൽഹിയിൽ മുനിസിപ്പൽ സ്കൂളിൽ പീഢനത്തിനിരയായ കൊച്ചു പെൺകുട്ടി... ദൈവമേ, ഇതോ ദൈവത്തിന്റെ സ്വന്തം നാട്!

ഈ ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും ഇടയിൽ ജീവിതം പലർക്കും വലിയ പ്രഹേളികയാണ്. ചെറിയ തൊഴിലുകൾ ചെയ്യുന്ന സാധാരണക്കാരൻ മുതൽ വലിയ വലിയ ബിസിനസ്സ് സാമ്രാജ്യങ്ങളുടെ അധിപതികൾ വരെ, നഴ്സറി കുട്ടികൾ മുതൽ വാനപ്രസ്ഥികൾ വരെ ഏവരും തിരക്കിലാണ്. ആർക്കുവേണ്ടി, എന്തിനുവേണ്ടിയാണ് ഈ ജീവിതം എന്നു ചിന്തിക്കുവാൻ പോലും പലർക്കും സമയം കമ്മി.

മനുഷ്യനും മതങ്ങളും ശാസ്ത്രവും എല്ലാം നമ്മെ കൊണ്ടെത്തിച്ചത് പുറമെ പരിഷ്കൃതമായ ഒരു ലോകത്തിലേയ്ക്കാണെങ്കിലും ഉള്ളിൽ ബഹുഭൂരിപക്ഷവും അപരിഷ്കൃതരായി തുടരുന്നു എന്നതിന് അവരുടെ നിത്യ കർമ്മങ്ങൾ സാക്ഷ്യം നിൽക്കുന്നു. രാത്രിയെ പകലാക്കുവാൻ മനുഷ്യനായെങ്കിലും ഉള്ളിലെ അന്ധകാരം അകററുവാൻ അവനു സാധിക്കാതെ പോയിരിക്കുന്നു എന്നത് വൈരുദ്ധ്യമായി തോന്നിയേക്കാം. പണ്ട് ആരോ പറഞ്ഞ പോലെ കുരങ്ങനെ കോട്ടണിയിച്ച അവസ്ഥയിലാണ് ഇന്ന് മനുഷ്യൻ, പ്രകൃതം മാറുവാൻ അതു പോരല്ലോ.

കഴിഞ്ഞു പോയ ജീവിത നിമിഷങ്ങളുടെ ഒരു പുനർവായനയ്ക്ക് തയ്യാറായാൽ, കൊടുത്തതും നേടിയതുമായ സുഖ-ദുഃഖങ്ങളുടെ കണക്കെടുപ്പിന് ധൈര്യം കാട്ടിയാൽ, പലപ്പോഴും കയറിയെന്നു നാം കരുതിയ പല പടികളും കുത്തനെയുള്ള ഇറക്കങ്ങളായിരുന്നു വെന്നും, മുന്നേറിയെന്ന് കരുതിയ പല വഴികളും കൊണ്ടെത്തിച്ചത് കൂടുതൽ ഊരാക്കുടുക്കിലേക്കാണെന്നും നാം തിരിച്ചറിഞ്ഞേക്കാം. നഷ്ടപ്പെട്ടു പോകുന്ന ഈ നിമിഷങ്ങളുടെ മൂല്യം മനസ്സിലാക്കുവാൻ സാധിച്ചാൽ നാം പകുതി ജയിച്ചു. പരിവർത്തനത്തിന്റെ കേളികൊട്ട് കേൾക്കുവാൻ നമുക്കായാൽ നാം വിജയത്തോട് കൂടുതൽ അടുത്തു. ഈ നിമിഷങ്ങൾ നമ്മുടെ അവസാന നിമിഷങ്ങളാണെന്ന് തിരിച്ചറിയുവാനായാൽ അഹോ, സൗഭാഗ്യം! അപ്പോൾ, ശ്രദ്ധ ലക്ഷ്യത്തിലേയ്ക്ക് മാത്രം ഏകാഗ്രമാകും. ആ ലക്ഷ്യമെന്തെന്ന് കണ്ടെത്തിയാൽ ജീവിതം അർത്ഥപൂർണ്ണമാകും.

മഹാശിവരാത്രിയുടെ ഈ ഉത്സവ വേളയിൽ ഹവിസ്സ് എല്ലാ വായനക്കാർക്കും ഒരായിരം ശിവരാത്രികൾ നേരുന്നു, ലക്ഷ്യബോധത്തിന്റെയും സമർപ്പണതയുടെയും ഒരായിരം ശിവരാത്രികൾ!!!

## താളുകൾ മറിക്കുമ്പോൾ

ലോകമെങ്ങും ഈശ്വരനെ ................................ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം
സേവനം ഭാവനയോടെ ചെയ്യൂ............................................................................ ദാദി ജാനകി ജി
മനുഷ്യ ബന്ധങ്ങളും ആദ്ധ്യാത്മികതയും.................................ബി.കെ.സുരേന്ദ്രൻ, ബംഗലൂർ
ആത്മാ-പരമാത്മാ സംഗമം.............................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം
യാത്രാ വിശേഷങ്ങൾ......................................................ഡോ. വത്സലൻ നായർ, മൗണ്ട് ആബു
ജീവിതം 16 കലാ സമ്പന്നം...........................................................................ഈശ്വരീയ പാഠ്യക്രമം
ഒരു ചെറിയ കാര്യം............................................ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം
സർവ്വ പ്രാപ്തികളുടേയും ആധാരമാണ്.............................................................................................
ഈശ്വരീയ സേവനം കേരളത്തിൽ....................ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം







**മഹാത്മാക്കളുടെ പരമകർത്തവ്യമാണ് – ഉപകാരം, ദയ, ക്ഷമ.**

എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 8500 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അവയുടെ അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

ഓം

പരിതസ്ഥിതികളിൽ പരിഭ്രമിക്കുന്നതിനു പകരം സാക്ഷിയാകാമെങ്കിൽ വിജയിയായിത്തീരും.


ഞങ്ങളിൽ വിശ്വാസം അർപ്പിച്ച,
ഞങ്ങൾക്ക് പുതുജീവിതം നൽകിയ,
പരിധിയില്ലാത്ത സ്നേഹത്താൽ
ഞങ്ങളെ സ്വന്തമാക്കിയ,
ഞങ്ങളുടെ എല്ലാമെല്ലാമായ
ശിവബാബയ്ക്കും
സഹോദര ആത്മാക്കൾക്കും
ഹൃദയം നിറഞ്ഞ
ജന്മദിനാശംസകൾ



# ലോകമെങ്ങും ഈശ്വരനെ ആരാധിക്കുന്നതിൽ ദീപത്തിന്റെ പ്രാധാന്യവും, ശിവരാത്രി ആഘോഷവും

ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ഈശ്വരനും ദീപവും തമ്മിൽ എന്തു ബന്ധമാണുള്ളത്. വാസ്തവത്തിൽ ഈശ്വരാരാധന തന്നെ ദീപാരാധനയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. എവിടെയും ദീപം ഈശ്വരന്റെ അടയാളമായി കാണിക്കുന്നു, അല്ലെങ്കിൽ പ്രതിരൂപമായി ഉപയോഗിക്കുന്നു. എന്താണ് ഇതിനു പിന്നിലുള്ള രഹസ്യം? ഇതിന്റെ യഥാർത്ഥ അന്വേഷണം നമുക്ക് നടത്തേണ്ടിയിരിക്കുന്നു.

ഈശ്വരൻ എന്നാൽ പ്രപഞ്ചം നിലനില്ക്കുന്നതിന് ആധാരമായ ശക്തി. സൃഷ്ടി സ്ഥിതി സംഹാരത്തിന് നിമിത്തമായ ശക്തി. അപ്പോൾ ഈ കർത്തവ്യത്തിന് ആധാരമായ സവിശേഷതകൾ ഈ ദീപത്തിലും ഉണ്ടായിരിക്കണമല്ലോ. എങ്കിലല്ലേ അത് ഈശ്വരനോട് താരതമ്യപ്പെടുത്തി ആരാധിക്കാൻ പ്രേരിതമാകൂ.

ദീപമെന്നാൽ ഒരു പ്രകാശബിന്ദുവിൽ നിന്നും സൃഷ്ടിക്കപ്പെടുന്നത്. അതായത് വികസിക്കുന്നത്. പ്രകാശബിന്ദുവിനെയാണ് ഇവിടെ ഈശ്വരനായി മനസ്സിലാക്കുന്നത്.അതിന്റെവികാസരൂപമായദീപത്തെ ഈശ്വര കർത്തവ്യമായും കാണേണ്ടതുണ്ട്. സൃഷ്ടി, സ്ഥിതി, സംഹാരം ഇതാണ് ഈശ്വര കർത്തവ്യം. ഒരു ദീപം കത്തിച്ചാൽ ഈ അർത്ഥമാണ് ബോദ്ധ്യമാകേണ്ടത്. പ്രകാശവും, ചൂടും, കരിയുമാണ് ദീപത്തിൽ വ്യക്തമായി കാണുന്നതും, അനുഭവപ്പെടുന്നതും. അതുകൊണ്ടുതന്നെ ഈ മൂന്നു ഘടകവും ഈശ്വര കർത്തവ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(1) പ്രകാശം: നമുക്കറിയാം ഹൈഡ്രജനും, ഓക്സിജനും ചേരുമ്പോഴാണ് തീ കത്തി നില്ക്കുന്നത്, പ്രകാശമാകുന്നത്. അതോടൊപ്പം തന്നെ ഹൈഡ്രജനും, ഓക്സിജനും ചേർന്നാൽ ജലവും ഉണ്ടാകും. ജലം ഘനീഭവിച്ച് ഖരപദാർത്ഥമാകാൻ (മാറ്റർ) കാരണമാകുന്നു.

(2) ചൂട്: ഇത് എനർജിയാണ്. ഇതിലാണ് ദീപം അതിന്റെ ശക്തിയെ കാണിക്കുന്നത്. അതായത് മാറ്ററിനെ നില നിർത്താൻ സഹായിക്കുന്നത്. അപ്പോൾ, സൃഷ്ടിക്കും, സ്ഥിതിക്കും കാരണമായ മാറ്ററും എനർജിയും. ഈ പ്രകാശത്തിൽ നിന്നും ഉല്പന്നമാകുന്നു.

(3) കരി (കാർബൺ) ഇത് സൃഷ്ടിക്കപ്പെട്ടതിന്റെ നാശത്തിനും അതിൽ നിന്നു തന്നെ കാരണമാകുന്നു. ഇങ്ങനെ മൂന്നു പരമമായ ധർമ്മവും, ഒരു പ്രകാശ ബിന്ദുവായ ഈശ്വരനിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. ഇതിന്റെ ആരാധനയെയാണ് ഈശ്വരാരാധനയായി, ദീപാരാധനയായി ലോകമെങ്ങും മനുഷ്യൻ ആരാധിച്ചു പോരുന്നത്. ഇതാണ് ഭാരതത്തിൽ ശിവരാത്രിയായും ആഘോഷിച്ചു വരുന്നത്. ശിവമെന്നാൽ പ്രകാശസ്വരൂപവും, സ്വയം ഭൂവുമെന്നാണ് അർത്ഥമാക്കുന്നത്. അതിൽ നിന്നുമാണ് സർവ്വവും ഉത്ഭവിക്കുന്നതിനും ഹേതുവാകുന്നത്. ഈ സത്യം ഭാരതീയ ഈശ്വരാന്വേഷണത്തിൽ അടിയുറച്ചിരിക്കുന്നു.

ബ്രഹ്മാവ്, വിഷ്ണു, ശങ്കർ, സൃഷ്ടി രഹസ്യത്തിന്റെ പ്രാക്തനമായ നമ്മുടെ പൂർവ്വീക സ്രോതസ്സാണ്. ഈശ്വരനെ ജ്യോതിർലിംഗസ്വരൂപമായ പരമാത്മാ ശിവനെന്നും, ഭാരതത്തിൽ തന്നെയാണ് പറയുന്നത്. അത് പരമാത്മാവാണ്. പരം പൊരുൾ ആണ്, സദാശിവനാണ്, മഹാദേവനാണ്, പ്രപഞ്ചനാഥനാണ് ഈ തിരിച്ചറിവാണ് ശിവരാത്രി ആഘോഷങ്ങളിലൂടെ വെളിപ്പെടുന്നത്.

**വിശേഷതകളെ മാത്രം കാണുകയും അവയുടെ മാത്രം വർണ്ണന ചെയ്യുകയും ചെയ്യുന്നവരാണ് വിശേഷ ആത്മാക്കൾ.**



**ദാദി ജാനകി ജി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

# ഈശ്വരീയ സേവനം ഭാവനയോടെ ചെയ്യൂ, ചെയ്യുവാനുള്ളത് ഇപ്പോൾ ചെയ്യൂ, നാളെ ആരു കണ്ടു?

മനനം, ചിന്തനം, മഥനം, സ്മരണം ഇവ തമ്മിൽ വ്യത്യാസമുണ്ട്. ജ്ഞാനം ആദ്യം മനസ്സിനു നന്നായി തോന്നണം, അപ്പോൾ മനനം നടക്കും. മനസ്സിനായിട്ട് പറഞ്ഞിരിക്കുന്നത് മന്മനാ ഭവഃ എന്നാണ്. ചിന്തനം ഭവഃ എന്നു പറഞ്ഞിട്ടില്ല, ചിന്തനം ചിലപ്പോൾ വ്യർത്ഥമായേക്കാം, ദേഹാഭിമാനം വന്നേക്കാം. കാര്യം മനസ്സിനു ബോധിച്ചാൽ അതിന്റെ ചിന്തനം ആരംഭിക്കും. വ്യർത്ഥ ചിന്തനം ഇല്ലാതാകും, പിന്നെ ഗഹന തയിലേയ്ക്ക് പോകുമ്പോൾ മഥനം നടക്കും. പിന്നെ പതുക്കെ പതുക്കെ ജ്ഞാനത്തിന്റെ സ്മരണം ഉണ്ടാകും, പിന്നെ സ്മൃതി സ്വരൂപരാകും.

ഭാവനയോടെ സേവനം ചെയ്യുകയാണെങ്കിൽ സന്തോഷം ഉണ്ടാകും, ഇതിലൂടെ ശക്തി വർദ്ധിക്കും. ഈശ്വരന്റെ എല്ലാ കാര്യവും നന്നായാൽ നന്നായിരുന്നു എന്ന് നമ്മുടെ മുതിർന്നവർക്ക് ഭാവനയുണ്ട്, അവർ നമ്മിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നു. നമ്മുടെ ജീവിതം ഈശ്വരീയ ശ്രീമത് അനുസരിച്ചായിരിക്കണം. ശ്രീമത് നിത്യേനയുള്ള ഈശ്വരീയ ക്ലാസ്സുകളിലൂടെ ലഭിക്കുന്നു.

ഞാൻ മുഴുവൻ ലോകത്തോടും പറയുകയാണ്, നാളെ ആരു കണ്ടു, ചെയ്യുവാനുള്ളത് ഇപ്പോൾ ചെയ്യൂ. വിനാശത്തിനു മുമ്പ് സ്ഥാപനയുടെ കാര്യം സ്വയം ഭഗവാൻ വളരെ ഘോഷത്തോടെ ചെയ്യിക്കുകയാണെന്ന് ലോകർ അറിയട്ടെ, അതിനല്ലേ നമ്മൾ പ്ലാററിനം ജൂബിലി ആഘോഷിക്കുന്നത്. 2013ൽ, 2014ൽ ഇതു ചെയ്യും, ഇങ്ങനെ ചെയ്യും എന്നു പറഞ്ഞാൽ ആരും കേൾക്കില്ല. അതിനാൽ ചെയ്യുവാനുള്ളത് ഇപ്പോൾ ചെയ്യും, അതിന്റെ അനേക മടങ്ങ് നേട്ടം ലഭിക്കും. അടുത്ത മാസം, അടുത്ത് വർഷം ചെയ്യും എന്നു പറഞ്ഞാൽ എന്തു നേട്ടം ലഭിക്കും? ഭഗവാന്റെ പക്കലും കണക്കെല്ലാം ഉണ്ട്. ഇപ്പോൾ ഭാവനയോടെ ചെയ്യുകയാണെങ്കിൽ നടക്കും.

**സദാ സന്തുഷ്ടരായിരിക്കുകയും എല്ലാവരുമായി സന്തോഷം പങ്കു വയ്ക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ സേവാധാരികൾ**



# മനുഷ്യ ബന്ധങ്ങളും ആദ്ധ്യാത്മികതയും.

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

ഇത് മനുഷ്യന്റെ പരസ്പര ബന്ധം ശിഥിലമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. വലിയ കുടുംബങ്ങളെല്ലാം ഉടഞ്ഞു ചെറുകുടുംബങ്ങൾ അല്ലെങ്കിൽ അണുകുടുംബങ്ങൾആയിക്കൊണ്ടിരിക്കുകയാണ്. മനുഷ്യൻ കൂടുതലും സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാനാഗ്രഹിക്കുന്നതാണ് ഇതിന്റെ പ്രധാന കാരണം.

അതിനോടൊപ്പം സ്വാർത്ഥ താത്പര്യങ്ങളിൽ ആസക്തി വർദ്ധിച്ചു വരുന്നു. ഞാനും എന്റേതും മാത്രം എന്നുള്ള പ്രവണത വളരുകയാണ്. അണുകുടുംബങ്ങളിൽ ഇന്നു കാണുന്ന മറ്റൊരു വൈകല്യം എന്തെന്നാൽ ego clash–അഹങ്കാരത്തിന്റെ അല്ലെങ്കിൽ അവഗുണങ്ങളുടെ കൂട്ടിമുട്ടലുകൾ, selfishness – സ്വാർത്ഥത, അസൂയ എന്നീ അവഗുണങ്ങളുടെ സ്വാധീനത്തിലുള്ള പെരുമാറ്റങ്ങൾ സ്ത്രീയെയും പുരുഷനെയും അകറ്റുന്നു. ഇതിന്റെ രൂക്ഷതയിൽ കൂടുതൽ വിവാഹമോചനങ്ങൾ നടക്കുന്നതായി കാണാൻ കഴിയും. ഇങ്ങനെയുള്ള സാഹചര്യത്തിൽ പരസ്പരം ചെയ്യുന്ന തെറ്റുകളെ ക്ഷമിക്കാനോ, സഹിക്കാനോ, സന്മനസ്സോടെ ഉൾക്കോള്ളാനോ, തെറ്റിനെ മറക്കാനോശ്രമിക്കാത്തതുകൊണ്ട് മനുഷ്യൻ പരസ്പരം ശത്രുക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. പരസ്പരം അന്യോന്യം കുറ്റം പറയുകയും പരാതികൾപറയുകയും ചെയ്യുന്നു. മനുഷ്യ ബന്ധത്തിന്റെ അടിസ്ഥാനം സ്നേഹവും, ത്യാഗവും, സേവനവുമാണ്. പക്ഷെ ആത്മാർത്ഥമായിട്ട് സ്നേഹിക്കുവാൻ മനുഷ്യനു സാധിക്കുന്നില്ല. മറ്റുള്ളവർ എങ്ങനെയാണ് നമ്മോട് പെരുമാറേണ്ടത് എന്നുള്ള കാര്യങ്ങൾ എല്ലാവർക്കും ഓർമ്മയുണ്ടായിരിക്കും.

പക്ഷെ നമ്മൾ മറ്റുള്ളവരോട് എങ്ങനെയാണ് പെരുമാറേത് എന്നുള്ള കാര്യം മറന്നുപോവുകയോ അതുപോലെ പ്രവർത്തിക്കുകയോ ചെയ്യാറില്ല. മനുഷ്യ ജീവിതത്തിൽ യഥാർത്ഥ സ്നേഹത്തിന്റെയും സത്യസന്ധമായ ബഹുമാനത്തിന്റെയും സത്ത് വറ്റി പോയതുകൊണ്ട് മനുഷ്യന്റെ പരസ്പര ബന്ധം മുറിഞ്ഞ് മുറിഞ്ഞ്, ഇപ്പോൾ അവ തന്നോട് തന്നെ നല്ല ഒരു ബന്ധം വച്ച് പുലർത്താൻ കഴിയാത്ത ഒരു അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുകയാണ്.

ഈശ്വരൻ നമ്മുടെ സ്വന്തം അച്ഛനാണ്. ഈശ്വരൻ സ്നേഹത്തിന്റെ സാഗരമാണ്. ഈശ്വരനെ സ്നേഹത്തോടെ ഓർമ്മിച്ചാൽ സർവ്വസംബന്ധങ്ങളുടെ രസം നമ്മുക്ക് അനുഭവിക്കാൻ കഴിയും. മാത്രമല്ല ഈശ്വരനിൽ നിന്നും സ്നേഹത്തിന്റെ ശക്തി കിട്ടുന്നത് കൊണ്ട് ഈ ലോകത്തുള്ള എല്ലാവരെയും സ്നേഹിക്കാനുള്ള കഴിവും നമ്മുക്കുണ്ടാകും. അതുകൊണ്ട് ഈശ്വരന്റെ യഥാർത്ഥ പരിചയം മനസ്സിലാക്കുക, ഈശ്വരനെ സ്നേഹത്തോടെ ഓർമ്മിക്കുക.

**തന്റെ ശക്തിശാലിയായ കാഴ്ചപ്പാടിലൂടെ അന്തരീക്ഷത്തെ പരിവർത്തനപ്പെടുത്തുന്നവരാണ് വിശ്വപരിവർത്തകർ.**



# ആത്മാ-പരമാത്മാ സംഗമം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഓർക്കുന്നു ഞാൻ നിന്നെ എന്നിലൂടെ
ഞാനാരെന്നെന്നറിയും ബോധത്തിലൂടെ
നിന്നെയും ഞാനിന്നറിയുമ്പോൾ
സുഖദു:ഖത്തിൻ യവനിക താഴ്ത്തി ഞാൻ (ഓർക്കുന്നു)

എന്നിലെ ഞാനിന്നുണർന്നു
നിന്നിലെ ഭാവങ്ങൾ എന്നിലലിഞ്ഞു
എന്നിലെ ഞാനും എല്ലാമായ നീയും-
ഇന്നൊന്നായപോലായ് ത്തീർന്നു... (ഓർക്കുന്നു)

നിൻ രൂപവും ഭാവവും ഞാനുൾക്കൊണ്ടു
നീ എന്നില്ലിലാഞ്ഞാൽ ഒന്നുമേയല്ല ഞാനെന്നും
നിന്നോർമ്മ എന്നുള്ളിൽ ഉണ്ടെങ്കിലോ
വിശ്വത്തെ വെല്ലാനും നിമിഷം മാത്രം.. (ഓർക്കുന്നു)

**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment NewsChannel. No Advertisement..**

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**



Red Coat Studio

# യാത്രാ വിശേഷങ്ങൾ

ഡോ. വത്സലൻ നായർ, മൗണ്ട് ആബു

ഗൃഹാതുരത്വത്തിന്റെ സ്മൃതി ഉണർത്തി വീണ്ടും ഒരു യാത്ര തേടിയെത്തി. അറബിക്കടലിന്റെ തിലകക്കുറി ചാർത്തി ശോഭിക്കുന്ന രണ്ടു നഗരങ്ങൾ. മുംബൈയും കൊച്ചിയും. ആദ്യ യാത്ര മുംബെയിലേക്കായിരുന്നു. ബ്രഹ്മാകുമാരീസിന്റെ മെഡിക്കൽ വിഭാഗവും ഗ്ലോബൽ ഹോസ്പിററലും ചേർന്ന് സംഘടിപ്പിച്ച മൈൻഡ്-ബോഡി മെഡിസിൻ കോൺഫറൻസിൽ പങ്കെടുക്കുവാൻ. മഹാ നഗരത്തോട് അടുക്കുന്തോറും തലങ്ങും വിലങ്ങും പായുന്ന ലോക്കൽ ട്രെയിനുകൾ. അതിരാവിലെ പോലും മിക്കവയിലും തിരക്കാണ്. ഇത്ര രാവിലെ തന്നെ ധാരാളം പെൺകുട്ടികളും അമ്മമാരും വരെ യാത്രക്കാരായുണ്ട്. ഈ തിരക്ക് ഇന്ന് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. തിരക്കൊഴിഞ്ഞ ആബുവിൽ നിന്നും എത്തിയ എനിക്ക്, എന്റെ പഴയകാല മഹാനഗര ജീവിതകാലത്തെ ഓർക്കുവാൻ ഇത് വഴി ഒരുക്കി.

രാവിലെ 6 മണിയോടടുത്ത് അന്ധേരിയിൽ വണ്ടി ഇറങ്ങുമ്പോൾ അന്ധകാരം തന്നെയായിരുന്നു എങ്ങും. ശ്രീനിവാസിന്റെ നിറഞ്ഞ ചിരിയാണ് ഞങ്ങളെ സ്വാഗതം ചെയ്യുവാൻ ഉണ്ടായിരുന്നത്. കണ്ടോ കേട്ടോ പരിചയമില്ലാത്ത എത്രയോ അനേകരെ സ്വീകരിക്കുവാൻ, യാത്ര അയയ്ക്കുവാൻ ഈ ചെറുപ്പക്കാരൻ സസന്തോഷം ഓടിയെത്തുന്നു. ഇതിപ്പോൾ അയാളുടെ ദിനചര്യയുടെ ഭാഗമായ പോലുണ്ട്. പ്രതിഫലേച്ഛ കൂടാതെയുള്ള ഈ സേവന സന്നദ്ധത കാണുമ്പോൾ പ്രതീക്ഷയുടെ നാമ്പ് തളിർക്കുകയാണ്. കലിയുഗ സന്ധ്യയിൽ എന്തും ഏതും വില്പനച്ചരക്കാകുമ്പോഴും, കമ്പോള വൽക്കരണവും സ്വാർത്ഥതയും കൊടികുത്തിവാഴുമ്പോഴും, അന്യരുടെ സുഖത്തിലും സന്തോഷത്തിലും തന്റെ സുഖവും സന്തോഷവും തിരിച്ചറിയുന്ന ആയിരക്കണക്കിനു ചെറുപ്പക്കാരെ വാർത്തെടുക്കുവാൻ ബ്രഹ്മാകുമാരീസിനു കഴിഞ്ഞു എന്നത് നിസ്സാര കാര്യമല്ല. എന്റെ കൊച്ചി യാത്രയ്ക്കുള്ള ടിക്കററിനായി വിവരങ്ങൾ ശ്രീനിവാസിനു കൈ മാറുമ്പോൾ നിറഞ്ഞ സന്തോഷം ആ മുഖത്തു കളിയാടുന്നതു കാണാമായിരുന്നു. സേവനത്തിന് ഒരു ഭാഗ്യം കൂടി കിട്ടിയപോലെ.

ഞങ്ങൾക്ക് താമസ സൗകര്യങ്ങൾ ഒരുക്കിയിരുന്നത് ഘാട്കോപ്പറിലായിരുന്നു. രണ്ടു വർഷം മുമ്പ് ഒരു മീററിങ്ങിനായി ഇവിടെ വന്നിരുന്നു. യാദൃശ്ചികമായിരിക്കാം, അന്നും എന്നോടൊപ്പം ഉണ്ടായിരുന്നത് രവിതന്നെയായിരുന്നു. റയിൽവേലൈനിനു ചേർന്നുള്ള കെട്ടിടമാണ്. ഏതായാലും ഞങ്ങളുടെ മുറി റയിൽവേ ലൈനിന്റെ ഭാഗത്തായിരുന്നില്ല സമാധാനമായി, അല്ലെങ്കിൽ രാത്രിയിൽ ട്രയിനുകൾ നെഞ്ചിലൂടെ കുതിച്ചു പായുന്ന അനുഭവമായിരിക്കും. സിയോണിലെ ഷണ്മുഖം ഹാളിൽ 2700 പേരുടെ ഇരിപ്പിട സൗകര്യമുണ്ട്. 4000 പേർ കേൺഫറൻസിൽ പങ്കെടുക്കുവാൻ പേരു നൽകിയിട്ടുണ്ടു പോലും. ഞങ്ങൾ ചെല്ലുമ്പോൾ എങ്ങും തിരക്കാണ്. അധികം കസേരകൾ ഒരുക്കുന്ന തിരക്കിലാണ് ഏവരും. ഡോക്ടർമാരുടെ ഇത്ര തിരക്കേറിയ ഒരു കോൺഫറൻസിൽ ആദ്യമായാണ് പങ്കെടുക്കുന്നത്. വൈകുന്നേരം 6 മണി വരെ ഇത്രയും പേരെ പിടിച്ചിരുത്തുവാൻ കഴിഞ്ഞത് അത്ഭുതം തന്നെ.

യാത്രകൾ ഇഷ്ടമായതു കൊണ്ടാകാം, കൊച്ചിയിലേയ്ക്ക് പോകുവാൻ കന്യാകുമരി എക്സ്പ്രെസ്സിലാണ് ടിക്കററ് ലഭിച്ചത്. തിരുപ്പതിയ്ക്കു പോകുവാൻ സീററു ലഭിച്ചില്ലെങ്കിലും കയറിപ്പററിയ ചെറുപ്പക്കാരായ ദമ്പതികൾ കൗതുകം പകർന്നു. “പെട്ടെന്നാണ് എല്ലാം ഉറപ്പിച്ചത്, അടുത്ത വണ്ടിയ്ക്ക് കയറിപ്പററി. ഇനി എല്ലാം ഭഗവാന്റെ കാര്യം”, രസികനായ ചെറുപ്പക്കാരൻ പറഞ്ഞു. അയാൾ ഇങ്ങനെ പല ക്ഷേത്രങ്ങളിലും പോയിട്ടുണ്ടു പോലും. ഏതായാലും അയാളുടെ വിശ്വാസം അയാളെ രക്ഷിച്ചു. രണ്ടു പേർക്കും സീററു ലഭിച്ചു. ഗർഭിണിയായ ഭാര്യയോടും 4 വയസ്സായ മകളോടും ഒപ്പം യാത്ര ചെയ്യുന്ന തെലുങ്കനായിരുന്നു എതിർ സീററിൽ. അയാളുടെ ഭാര്യയ്ക്ക് നല്ല ക്ഷീണമുണ്ടായിരുന്നു. വലിയ വയറും. ഒരു കുട്ടിയ്ക്കു വേണ്ടി മനുഷ്യൻ സഹിക്കുന്ന യാതനകൾ. പരിചയപ്പെട്ടപ്പോൾ അയാൾക്ക് നല്ല ബഹുമാനം. അയാളുടെ ചില ബന്ധുക്കൾ ബ്രഹ്മാകുമാരീസിന്റെ ക്ലാസ്സുകളിൽ സംബന്ധിക്കാറുണ്ടുപോലും. റാണിഗുണ്ഡായിൽ അവർ ഇറങ്ങി. തൊട്ടടുത്ത സീററിൽ സോളാപൂരിൽ നിന്നുള്ള ചെറുപ്പക്കാരനായിരുന്നു. റയിൽവേയിൽ മെക്കാനിക്കൽ എഞ്ചിനീയർ. തൊഴി

ലിനോട് നല്ല ആത്മാർത്ഥത പുലർത്തുന്ന, കുടുംബ സ്നേഹിയായ അയാൾ മുംബെയിൽ ഔദ്യോഗിക ആവശ്യത്തിനു വന്നതായിരുന്നു. ജോലി കഴിഞ്ഞു് അടുത്ത വണ്ടിയ്ക്ക് നാട്ടിലേയ്ക്ക്. രാത്രിയാണെങ്കിലും വീടെത്താമല്ലോ എന്ന ആശ്വാസം അയാൾക്ക്. അവരുടെ മെക്കാനിക്കൽ വർക്ക്ഷോപ്പിനു പിന്നിൽ ആരും കാണാതെ സ്ക്കൂൾ കുട്ടികൾ "വൈററ്നർ ലഹരി"യിൽ മുഴുകുന്ന ദുഃഖകരമായ കഥ അയാൾ പങ്കിട്ടു. ഭാരതത്തെ മുഴുവൻ ലഹരിമുക്തമാക്കുവാനുള്ള ശ്രമത്തിലാണെന്ന് അറിഞ്ഞപ്പോൾ അയാൾക്ക് പ്രത്യേക ഇഷ്ടം. ഭാരതം സമീപ ഭാവിയിൽ സ്വർഗ്ഗമാകുമെന്നും കോൺട്രാക്ട് നിർമ്മാതാവായ ഈശ്വരൻ തന്നെ എടുത്തിരിക്കുകയാണെന്നും പറഞ്ഞപ്പോൾ അയാൾക്ക് നല്ല സമാധാനം. അടുത്തു തന്നെ ബ്രഹ്മാകുമാരീസിന്റെ കേന്ദ്രമുണ്ടെന്നും അവിടം സന്ദർശിക്കാമെന്നും അയാൾ വാക്കു തന്നു.

തിരുപ്പതിയിൽ നിന്നും പുതിയ യാത്രക്കാർ. തലമുണ്ഡനം ചെയ്ത ഒരു കൊച്ചുകുട്ടിയുമായി കോയമ്പത്തൂർകാരായ യുവ ദമ്പതികളും അവരുടെ അച്ഛനും അമ്മയും. "എന്തേ പളനിയിൽ മുണ്ഡനം ചെയ്യിച്ചില്ല?", ഞാൻ കുശലം ചോദിച്ചു. "പോന വർഷം പളനിയിൽ മുടി കൊടുത്തിരുന്നു", അറിയാവുന്ന മലയാളത്തിൽ വൃദ്ധൻ മറുപടി നൽകി. വർഷങ്ങൾക്ക് മുമ്പ് പളനിയിൽ പോയി തല മുണ്ഡനം ചെയ്ത ഓർമ്മയിലൂടെ ഞാൻ ഊളിയിട്ടു. അവിടുത്തെ പ്രസാദത്തിന്റെ പ്രത്യേക രുചി ഇന്നും നാവിലുണ്ട്. ഏറെ വർഷങ്ങൾക്കു ശേഷം ഒരിക്കൽ പളനിയിൽ വീണ്ടുമെത്തി, ഒരു സമ്മേളനത്തിനായി. രാവിലെയുള്ള നടത്തം മലയടിവാരത്തിലൂടെയായിരുന്നു. പളനിയുടെ വ്യത്യസ്ത മുഖങ്ങൾ അന്ന് അടുത്തറിഞ്ഞു. അടിവാരം മുതൽ ശ്രീകോവിലിനു മുന്നിൽ വരെ ഭക്തരുടെ ഈശ്വര പ്രേമം വിററു കാശാക്കുന്നവർ. ജ്ഞാനപ്പഴത്തിനായി ഉലകം ചുററിയവനു മുന്നിൽ, അജ്ഞാനവും അന്ധവിശ്വാസങ്ങളും ഇന്നും പത്തിവിരിച്ചാടുന്നു. ഈശ്വരോ രക്ഷതുഃ. വളരെ കുറച്ചു നേരം കൊണ്ടുതന്നെ ആ ദമ്പതികൾ സൗഹൃദത്തിലായി. ഇംഗ്ലീഷും ഹിന്ദിയും അവർക്ക് മനസ്സിലാകുമായിരുന്നു. കൂടെ എന്റെ മുറി-തമിഴും കൂടി ചേർന്നപ്പോൾ ഭാഷയുടെ മതിലുകൾ ഞങ്ങളുടെ മുന്നിൽ ഉയർന്നില്ല. ലോകത്തിന്റെ ഇന്നത്തെ അവസ്ഥയും അതിന്റെ പരിഹാരങ്ങളും എല്ലാം ചർച്ചാ വിഷയമായി. പരിവർത്തനത്തിന്റെ പാഠം അവനവനിൽ നിന്നു തുടങ്ങേണ്ടിയിരിക്കുന്നു എന്നത് അവർക്ക് നന്നേ ബോധിച്ചതായി തോന്നി. അടുത്തുള്ള ബ്രഹ്മാകുമാരീസ് കേന്ദ്രത്തിൽ പോയി ഈശ്വരീയ ജീവിതക്രമം പഠിക്കുവാൻ അവർ നല്ല ഉത്സാഹം കാണിച്ചു.

ഇതുവരെ ഒരു മലയാളിയെപ്പോലും കണ്ടില്ലല്ലോ എന്നു കരുതിയിരിക്കുമ്പോഴാണ്, രണ്ടു കാബിനുകൾക്ക് അകലെ മലയാളിത്തനിമയുള്ള ഒരു അമ്മ ശ്രദ്ധയിൽപ്പെട്ടത്. അവരുടെ മകൻ പട്ടാളത്തിൽ ഡോക്ടറാണ്. പാലക്കാട്ടുകാരായ അവർ ഇപ്പോൾ ഊട്ടിയിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. മകനോടും കുടുംബത്തോടും ഒപ്പം പൂനെയിൽ ആയിരുന്നു അവർ കുറച്ചു ദിവസം. ഇപ്പോൾ അച്ഛനെയും അമ്മയെയും തിരികെ നാട്ടിൽ കൊണ്ടാക്കുവാൻ മകൻ അവധിയെടുത്തു വന്നിരിക്കുകയാണ്. നല്ലവനായ ചെറുപ്പക്കാരൻ. മുംബെയിൽ ഇത്രയധികം ഡോക്ടർമാരെ ഒന്നിച്ചു കൂട്ടുവാനായത് അതിശയം തന്നെ, രണ്ടു മണിക്കൂറിന്റെ സെമിനാർ നേരെ-ചൊവ്വേ നടത്തുവാൻ പെടുന്ന പാട് നമുക്കറിയാമല്ലോ. അയാൾ പറഞ്ഞു. ചികിത്സയിലെ നന്മ-തിന്മകൾ ചർച്ച ചെയ്യവേ, അടുത്തിറങ്ങിയ ഔട്ട്ലുക്ക് മാസിക എനിക്ക് നൽകി അയാൾ പറഞ്ഞു, ഈ റിപ്പോർട്ടു നോക്കൂ, "നമ്മുടെ ഭാരതത്തിൽ 70% പേർ ഗ്രാമങ്ങളിലാണ് വസിക്കുന്നത്, അവിടെ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ എണ്ണം 2% മാത്രം. ബാക്കി 98% ഡോക്ടർമാരും നഗരങ്ങളിലാണ് പ്രാക്ടീസ് ചെയ്യുന്നത്. എങ്ങനെ നമ്മുടെ നാട് ആരോഗ്യമുള്ളതാകും?"

ആരോഗ്യ ഭാരതം കെട്ടിപ്പടുക്കുവാനുള്ള ഈശ്വരീയ പദ്ധതിയെക്കുറിച്ച് ചെറുതായി ഞങ്ങൾ ചർച്ച ചെയ്തു. ബ്രഹ്മാകുമാരീസിന്റെ പ്രവർത്തനങ്ങളെ അയാൾ അഭിനന്ദിച്ചു. രാത്രി ഒൻപതോടടുത്ത് വണ്ടി ജൊലാർപെട്ടയിൽ എത്തി. എല്ലാവരും ഉറങ്ങുവാനുള്ള തയ്യാറെടുപ്പിലാണ്. മൗണ്ട് ആബുവിൽ നിന്നും തിരിക്കുമ്പോൾ ശാരീരിക ആരോഗ്യ സ്ഥിതി മോശമായിരുന്നതിനാൽ ഈശ്വരീയ സേവനം ചെയ്യുവാൻ ആവില്ലല്ലോ എന്ന ആശങ്ക എന്റെ മനസ്സിൽ ഉണ്ടായിരുന്നു. മുംബെയിൽ വച്ച് തൊണ്ടയും കേടായിത്തുടങ്ങി. ഉറങ്ങുന്നതിനു മുമ്പുള്ള ഈശ്വരീയ കൂടിക്കാഴ്ചയിൽ ധന്യമായ ഒരു ദിവസം നൽകിയതിന് നന്ദി പറയുവാൻ ഞാൻ വാക്കുകൾ പരതി. ഈശ്വരീയ ദൗത്യത്തിനു നിമിത്തമാക്കി, സൗഭാഗ്യത്തിന്റെ നിറകുടം നൽകി, സ്നേഹത്തിന്റെ മൃദു-സ്പർശമായി എന്നും ചാരത്തു നിൽക്കുന്ന സർവ്വശക്തനായ പിതാവേ, നന്ദി, നന്ദി, നന്ദി.

**തന്റെ ശുഭഭാവനയിലൂടെ ഓരോ ആത്മാവിനും ആശിർവ്വാദം നൽകുകയും ക്ഷമിക്കുകയും ചെയ്യുന്നവരാണ് മംഗളകാരികൾ.**



# ജീവിതം 16 കലാ സമ്പന്നം

## പരിവർത്തനവും പുതുമയും പുരോഗതിയും കൊണ്ടുവരുന്ന കല

ജീവിതത്തിൽ ലക്ഷ്യം സദാ സ്പഷ്ടമായിരിക്കുക. ആ ലക്ഷ്യത്തിനനുസരിച്ച് ലക്ഷണം ധാരണ ചെയ്യുക. അപ്പോൾ ഓരോ ചുവടിലും പരിവർത്തനവും പുരോഗതിയും കോടികളുടെ നേട്ടവുമുണ്ടാകും. As you think, so shall you become എന്ന പറയാറുണ്ടല്ലോ. നാം എന്നും law-maker അഥവാ സൃഷ്ടാവാണ്, അതോടൊപ്പം peace-maker ആയ പരമാത്മാവിന്റെ സന്താനങ്ങളാണ്. ഈ കല സ്വന്തമാക്കുവാനായി 6 കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

1. മററുള്ളവരുടെ നന്മകളെ കാണുക, ആ നന്മകളെ പ്രോത്സാഹിപ്പിച്ച് അവരിലെ തിന്മകളെ ഇല്ലാതാക്കുക.
2. അവരെ സ്നേഹത്താൽ സ്വന്തമാക്കി, അവരിൽ വിശ്വാസം വളർത്തുക. അവർക്ക് സ്നേഹം നൽകി, മൈത്രീ ഭാവത്താൽ അവരുടെ അവഗുണങ്ങളെ ജയിക്കുക.
3. അവരെ തനിക്ക് മുന്നിൽ നിർത്തുക.
4. അവരുടെ കർമ്മങ്ങളിൽ പ്രോത്സാഹനം നൽകി, അവർക്ക് ധൈര്യം പകർന്ന്, മുന്നേറുവാൻ പ്രോത്സാഹിപ്പിക്കുക.
5. തന്റെ ഉന്നത വിവേകത്തിലൂടെ, വിവേകയുക്തമായി അവരുടെ വിചാരധാരയെ പരിവർത്തനപ്പെടുത്തുക.
6. തന്റെ എല്ലാ കർമ്മത്തിലും അലൗകീകത കൊണ്ടുവരുന്നതിലൂടെ അവരെ അലൗകീകതരാക്കുക.

തുടരും......

മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ്
തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.






# ഗണപതിയും, സുബ്രഹ്മണ്യനും

**ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം**

ഭാരതീയ പുരാണങ്ങളിൽ പരമശിവന്റെ രണ്ടു പുത്രന്മാരായി ഗണപതിയെയും സുബ്രഹ്മണ്യനെയും കാണിക്കുന്നുണ്ട്. ശിവൻ മഹാദേവനാണ്, പ്രപഞ്ചനാഥനാണ്, ഈശ്വരനാണ്. ആ ഈശ്വരനിൽ നിന്നും രണ്ടു പുത്രന്മാർ മാത്രമാണോ ഉണ്ടായത്, സർവ്വസൃഷ്ടിയും ഈശ്വരനിൽ നിന്നല്ലേ ഉണ്ടാകുന്നത്. അപ്പോൾ സർവ്വസൃഷ്ടിക്കും ആധാരമായ ഗണപതിയെയും, സുബ്രഹ്മണ്യനെയും യഥാർത്ഥത്തിൽ തിരിച്ചറിയേണ്ടത് ആവശ്യമല്ലേ!

നമുക്കറിയാം പ്രപഞ്ചം നിലനിൽക്കുന്നതിന്റെ രണ്ടു ഘടകങ്ങളാണ് എനർജിയും, മാറ്ററും. ആത്മാവും, ശരീരവും. അപ്പോൾ ഇതുതന്നെയാകണം പ്രപഞ്ചനാഥനായ ഈശ്വരന്റെ സൃഷ്ടിയിലെ രണ്ടു മക്കളും. ഇതിൽ ആത്മാവിനെ ഗണപതിയായും, സുബ്രഹ്മണ്യനെ ശരീരമായും കണക്കാക്കാം. ഗണത്തിന്റെ പതിയെയാണ് ഗണപതിയെന്നു പറയുന്നത്. ഗണമെന്നാൽ കൂട്ടമെന്നും അർത്ഥമുണ്ട്. ഇവിടെ ഉദ്ദേശിക്കുന്നത് ശരീരത്തെയാണ്. ഒരുപാട് വസ്തുക്കളുടെ കൂട്ടമാണ് ശരീരം. അതിന്റെ പതിയാണ് ആത്മാവ് (ഗണപതി). ആത്മാവിന്റെ രൂപത്തെ വ്യക്തമായി അറിയാത്തതുകൊണ്ടാണ് മനുഷ്യർ അതിന് ശ്രേഷ്ഠമൂല്യം നൽകി, ജീവികളിൽ ഏറ്റും വലിയ ആനയുടെ സാദൃശ്യം നൽകിയത്. ബുദ്ധികൊണ്ട് സമ്പന്നമായ മനുഷ്യന്റെ രൂപവും കൊടുത്തു. വാഹനമായി കാണിക്കുന്നത് എലിയെയുമാണ്. സൂഷ്മതയിലേക്കു പോകുന്നതിനെയാണ് ഇതുകൊണ്ടു സൂചിപ്പിക്കുന്നത്. അതിസൂഷ്മമായത് ആത്മാവുതന്നെയാണ്. അതുകൊണ്ട് ഗണപതി ആത്മാവിനെ തന്നെയാണ് വ്യക്തമാക്കുന്നത്.

സുബ്രഹ്മണ്യൻ ശരീരത്തെയാണ് ഉദ്ദേശിക്കുന്നത്. സുന്ദരവും, വ്യക്തവും, വിസ്തൃതവുമായ രൂപമാണത്. സുബ്രഹ്മണ്യന്റെ വാഹനമായി കാണിക്കുന്നത് മയിലിനെയുമാണ്. അറുമുഖനെന്നും സുബ്രഹ്മണ്യനു പേരുണ്ട്. പഞ്ചഭൂതത്താൽ ഉണ്ടായ ശരീരം അഞ്ചും. ആ ശരീരത്തിന്റെ ബോധം ഉൾക്കൊണ്ടവനാകയാൽ ആറും. അങ്ങനെ അറുമുഖനെന്നും നാമമുണ്ടായി. ഇനി ജ്ഞാനം അറിയുന്ന കാര്യത്തിലും ഗണപതിയാണ് ജയിക്കുന്നത്. ആത്മാവാണ് സത്യമെന്നും, നശിക്കാത്തതെന്നുമുള്ള തിരിച്ചറിവാണ് ജ്ഞാനത്തിനാധാരം. അതുകൊണ്ടാണ് പരമജ്ഞാനിയായ ഭഗവാൻ ശിവൻ ഗണപതിയെ മടിയിലിരുത്താൻ കാരണമായതും. ശരീരം നശിക്കുന്നതായതിനാൽ അസത്യമാണ്. അങ്ങനെ സുബ്രഹ്മണ്യനായ ശരീരം പുറത്തുപോകുന്നു. ഗണപതിയായ ആത്മാവ് പരമാത്മാവിനോടൊപ്പം വസിക്കുന്നു. അതായത് ശിവന്റെ മടിയിലിരിക്കുന്നതായി കാണിക്കുന്നു.



## ചിന്താരത്നം

**സന്തുലനം നിലനിർത്തുന്നവർ ബന്ധങ്ങളിൽ വിജയികളാകുന്നു.**

ഇന്ന് എല്ലാ കർമ്മങ്ങളിലും സന്തുലനം പാലിക്കും, ഇതിലൂടെ ബന്ധം എങ്ങനെ സഹജമാകുമെന്നും മററുള്ളവരുടെ അനുഗ്രഹം പ്രാപ്തമാകുമെന്നും ശ്രദ്ധിക്കും. അപ്പോൾ ചെയ്യുന്ന എല്ലാ കർമ്മങ്ങളിലും വിജയം അനുഭവം ചെയ്യുകയും ആനന്ദം നിറഞ്ഞ ഒരു ജീവിതം ആസ്വദിക്കുകയും ചെയ്യും.



# സർവ്വ പ്രാപ്തികളുടേയും ആധാരമാണ് ആദ്ധ്യാത്മികത

ധനംകൊണ്ട് പുസ്തകം വാങ്ങാൻ കഴിയും
എന്നാൽ ജ്ഞാനം വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് കിടക്ക വാങ്ങാൻ കഴിയും
എന്നാൽ ഉറക്കം വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് മരുന്ന് വാങ്ങാൻ കഴിയും
എന്നാൽ ആരോഗ്യം വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് അലങ്കാരവസ്തുക്കൾ വാങ്ങാൻ കഴിയും
എന്നാൽ സൗന്ദര്യം വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് കെട്ടിടം വാങ്ങാൻ കഴിയും
എന്നാൽ വീട് വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് വൈഭവങ്ങൾ വാങ്ങാൻ കഴിയും
എന്നാൽ ആനന്ദം വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് ആഹാരം വാങ്ങാൻ കഴിയും
എന്നാൽ വിശപ്പ് വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് വസ്ത്രം വാങ്ങാൻ കഴിയും
എന്നാൽ ആദരവ് വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് മൂർത്തിയെ വാങ്ങാൻ കഴിയും
എന്നാൽ ശ്രദ്ധ വാങ്ങാൻ കഴിയില്ല

ധനംകൊണ്ട് സർട്ടിഫിക്കറ്റ് വാങ്ങാൻ കഴിയും
എന്നാൽ സന്തുഷ്ടത വാങ്ങാൻ കഴിയില്ല



## ഈശ്വരീയ സേവനം
# കേരളത്തിൽ

ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ




ലഹരിയുടെ പിടിയിൽ നമ്മുടെ കൊച്ചു കേരളവും ആണ്ടു തുടങ്ങിയിട്ട് നാളേറിയായിരിക്കുന്നു. ഇനിയെങ്കിലും നമ്മുടെ സഹോദര ആത്മാക്കളെ രക്ഷിക്കുവാനായി നമുക്കെന്തെങ്കിലും ചെയ്തേ മതി യാവൂ. എന്റെ കേരളം, ലഹരിമുക്ത കേരളം എന്ന ആരോഗ്യ ബോധവത്കരണ പരിപാടിയുമായി ബ്രഹ്മാകുമാരീസിന്റെ മെഡിക്കൽ വിംഗ് കേരളത്തിന്റെ രക്ഷയ്ക്കെത്തുകയാണ്. ഇക്കഴിഞ്ഞ ഫെബ്രുവരി 13 ന് മുഴുവൻ കേരളത്തിലുമുള്ള ഈശ്വരീയ സന്തതികൾ കൊച്ചിയിൽ ഒത്തുകൂടുകയും ഈ പരിപാടി യുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന ആസൂത്രിത സമിതി രൂപീകരിച്ചു. സംസ്ഥാന എക്സൈസ് മന്ത്രി ശ്രീ കെ. ബാബു ഈ സമിതിയുടെ അധ്യക്ഷസ്ഥാനം അലങ്കരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

### ദ്വാദശ ജ്യോതിർലിംഗ ദർശനം

മാർച്ച് 7 ന് വൈകുന്നേരം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ദ്വാദശ ജ്യോതിർലിംഗ ദർശനം തിരുവിതാംകൂർ മഹാരാജാവ് ശ്രീ ഉത്രാടം തിരുനാൾ മഹാരാജാവ് ഉദ്ഘാടനം ചെയ്തു. സ്വാമി ബോധിതീർത്ഥ, ജഗത്ഗുരു നിത്യാനന്ദ സ്വാമി, ഭാരതീയ വിചാര കേന്ദ്രം ഡയറക്ടർ പരമേശ്വർജി, ദൂരദർശൻ ഡയറക്ടർ പി.കെ. സുഭാഷ്, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. ടി. ശിവദാസ്, കേരള കൗമുദി മാനേജിംഗ് ഡയറക്ടർ എം. എസ്. രവി, കേരള ലളിത കലാ അക്കാദമി പ്രൊഫസർ കാട്ടൂർ നാരായണ പിള്ള, കാനായി കുഞ്ഞുരാമൻ എന്നിവർ പങ്കെടുത്തു. ഇതോടനുബന്ധിച്ച് സംഘടിപ്പിച്ച ചൈതന്യ അഷ്ടലക്ഷ്മീ ദർശനം മന്ത്രി കെ. ബാബു ഉദ്ഘാടനം ചെയ്തു. രാജയോഗിനി ബി.കെ. മിന്നി സ്വാഗതവും രാജയോഗിനി ബി.കെ. പങ്കജം മുഖ്യ പ്രഭാഷണവും നടത്തി.





മാർച്ച് 6 മുതൽ 12 വരെ തളിപ്പറമ്പ് വിക്രാനന്ദപുരം ക്ഷേത്രത്തിൽ സംഘടിപ്പിക്കുന്ന 12 ജ്യോതിർലിംഗ ദർശനോത്സവത്തിന്റെ ഉദ്ഘാടനം രാജയോഗിനി ബി.കെ. മീനാക്ഷി ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. ബി.കെ. അരവിന്ദാക്ഷൻ മുഖ്യപ്രഭാഷണവും ഡോ. ബട്ട്, അഡ്വക്കേറ്റ് വിനോദ് കുമാർ, മധുസൂദനൻ എന്നിവർ ആശംസാ പ്രസംഗവും നടത്തി. ഇതോടനുബന്ധിച്ച് നടത്തിയ ശാന്തിയാത്രയിൽ നൂറുകണക്കിന് ബ്രഹ്മാകുമാരന്മാരും കുമാരികളും പങ്കെടുത്തു.